بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**08-05-2026**

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസന്ധത

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ○ الرَّحْمٰنِ الرَّحِيْمِ○ مٰلِكِ يَوْمِ الدِّيْنِ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ○

*തശഹ്ഹുദ്, തഅവ്വുദ്, തസ്മിയ, സൂറഃ ഫാതിഹ എന്നിവ ഓതിയ ശേഷംഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ്) പ്രതിപാദിച്ചു:*

ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജീവചരിത്രം വിവരിച്ചുകൊണ്ട് ആ പുണ്യാത്മാവിന്റെ സത്യസന്ധതയുടെ മാനദണ്ഡങ്ങൾ പ്രകടമാക്കുന്ന ചില ഉദ്ധരണികളും സംഭവങ്ങളും വിവരിച്ചിരുന്നു. ഇന്നും ഏതാനും ചില സംഭവങ്ങൾ വിവരിക്കാം. വാഗ്ദത്ത മസീഹി(അ)നെതിരെ ഡോക്ടർ ഹെൻറി മാർട്ടിൻ ക്ലാർക്ക് ഒരു വധശ്രമകേസ് ഫയൽ ചെയ്തിരുന്നു. അങ്ങേയറ്റം അപകടകരമായ കേസായിരുന്നു അത്. തൂക്കിക്കൊല്ലൽ ശിക്ഷ വരെ ലഭിക്കാവുന്നത്ര അപകടകരമായ കേസായിരുന്നു ഇതെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. യഹൂദന്മാരുടെ ഭാഗത്തുനിന്ന് റോമൻ കോടതിയിൽ ഹദ്റത്ത് ഈസാ (അ)ന് മേൽ ചുമത്തപ്പെട്ട കേസിനെ പരാമർശിച്ചച്ചുകൊണ്ട് അവിടുന്ന് പറഞ്ഞു:

***എനിക്കെതിരെയും ഇത്തരത്തിലുള്ള ഒരു കേസ് ഉണ്ടായിരുന്നു. ഈസാനബി(അ)ക്ക് എതിരെ യഹൂദന്മാരായിരുന്നു കേസ് കൊടുത്തതെങ്കിൽ ഈ ഭരണകൂടത്തിൽ എനിക്കെതിരെ കേസ് കൊടുത്തത് പാതിരിയും ഡോക്ടറുമായ ഒരു മാന്യനായിരുന്നു. അയാൾ എനിക്കെതിരെ വധശ്രമകേസ് ചമച്ചുണ്ടാക്കി. എല്ലാ സാക്ഷ്യങ്ങളും പൂർണ്ണമായും ഒരുക്കിയ അയാൾക്കായി സാക്ഷി പറയാൻ ഈ പ്രസ്ഥാനത്തിന്റെ ബദ്ധവൈരിയായ മൗലവി അബു സഈദ് മുഹമ്മദ് ഹുസൈൻ ബട്ടാൽവി പോലും കോടതിയിൽ വന്നു. അയാൾ കഴിയുന്നത്ര എനിക്കെതിരെ സാക്ഷി പറയുകയും കേസ് എനിക്കെതിരെ പൂർണ്ണമായി തെളിയിക്കാൻ ശ്രമിക്കുകയും ചെയ്തു.***

ഗുർദാസ്പൂർ ഡെപ്യൂട്ടി കമ്മീഷണർ ക്യാപ്റ്റൻ ഡഗ്ലസിന്റെ കോടതിയിലായിരുന്നു ഈ കേസ്. ഹദ്റത്ത് മസീഹ് മൗഊദ് (അ)പ്രസ്താവിക്കുന്നു:

***എല്ലാ സാക്ഷ്യങ്ങളും എനിക്കെതിരെ വലിയ ആവേശത്തോടെയാണ് നൽകപ്പെട്ടത്.ഇത്തരമൊരു സാഹചര്യത്തിൽ, ഞാൻ കുറ്റവിമുക്തനാക്കപ്പെടുമെന്ന് നിയമപരിജ്ഞാനമുള്ള ഒരാൾക്കും പറയാൻ കഴിയുമായിരുന്നില്ല. എന്നാൽ അല്ലാഹു കേസിന് മുമ്പ് എനിക്ക് വിവരം നൽകിയതുപോലെ തന്നെ,ഇതിൽ ഞാൻ കുറ്റവിമുക്തനാക്കപ്പെടുമെന്നും നേരത്തേ വെളിപ്പെടുത്തി തന്നിരുന്നു. വാദിയുടെ മൊഴിയിൽ സംശയം തോന്നിയ ക്യാപ്റ്റൻ ഡഗ്ലസ് അയാളെ വീണ്ടും ചോദ്യം ചെയ്യാൻ പോലീസ് ഉദ്യോഗസ്ഥനായ ലീമാർ ചന്ദിനെ ഏൽപ്പിച്ചു. അബ്ദുൽ ഹമീദിനെ വിളിച്ചു വരുത്തി സത്യം പറയാൻ ക്യാപ്റ്റൻ നിർദേശിച്ചെങ്കിലും അയാൾ നേരത്തേ നല്കിയ മൊഴി തന്നെ ആവർത്തിക്കുകയാണ് ചെയ്തത്. വസ്തുതയെന്തെന്ന് തുറന്നു പറയാൻ ക്യാപ്റ്റൻ താക്കീതു ചെയ്തപ്പോൾ അയാൾ യാഥാർത്ഥ്യം തുറന്നു പറഞ്ഞു. തന്നെ ഭീഷണിപ്പെടുത്തിയാണ് ഇങ്ങനെയൊരു മൊഴി പറയിച്ചതതെന്നും മിർസാ സാഹിബ് ഒരിക്കലും എന്നെ വധശ്രമത്തിനായി അയച്ചിട്ടില്ലെന്ന് തുറന്നു സമ്മതിക്കുകയുംചെയ്തു. ഈ മൊഴി കേട്ട ക്യാപ്റ്റൻ സന്തോഷിക്കുകയും ഞങ്ങൾ കേസിന്റെ നിജസ്ഥിതി കണ്ടെത്തിയെന്ന് ഡെപ്യൂട്ടി കമ്മീഷണർക്ക് കമ്പി സന്ദേശം***

***അയക്കുകയും ചെയ്തു.***
ഹദ്റത്ത് മസീഹ് മൗഊദ് (അ) പ്രസ്താവിക്കുന്നു: ***ആ സമയത്ത് കോടതിയിൽ ഡെപ്യൂട്ടി കമ്മീഷണർ യാഥാർത്ഥ്യം വെളിപ്പെട്ടതിൽ അത്യധികം സന്തോഷിക്കുന്നതായി ഞാൻ കണ്ടു. എനിക്കെതിരെ കള്ളസാക്ഷി പറഞ്ഞ ആക്രിസ്ത്യാനികളോട് അദ്ദേഹത്തിന് കടുത്ത ദേഷ്യവുമുണ്ടായിരുന്നു. 'താങ്കൾക്ക് ഈ ക്രിസ്ത്യാനികൾക്കെതിരെ കേസ് കൊടുക്കാം' എന്ന് അദ്ദേഹം എന്നോട് പറഞ്ഞു, എന്നാൽ കോടതിവ്യവഹാരങ്ങളോട് എനിക്ക് താല്പര്യമില്ലാത്തതിനാൽ ഞാൻ കേസ് കൊടുക്കാൻ ആഗ്രഹിക്കുന്നില്ലെന്ന് പറഞ്ഞു. എന്റെ കേസ് വാനലോകത്ത് ഫയൽ ചെയ്യപ്പെട്ടിരിക്കുകയാണ്.***
ഹുസൂർ തിരുമനസ്സ് പറയുന്നു:
ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സത്യസന്ധതയെയും ഉന്നത ധാർമികഗുണങ്ങളെയും സംബന്ധിച്ച് അനഹ്മദിയായ മൗലവി ഫസൽ ദീൻ വക്കീൽ വിവരിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു:
'മിർസാ സാഹിബിനെ ഞാൻ ഹൃദയാത്മനാ ആദരിക്കുന്നു. അദ്ദേഹത്തിന്റെ സ്ഥാനവും പദവിയും വളരെ മഹത്തരമാണെന്ന് ഞാൻ കരുതുന്നു. അദ്ദേഹത്തിന്റെ വാദങ്ങളെക്കുറിച്ച് മനഃശാസ്ത്രപരമായ കാഴ്ചപ്പാടിൽ അത് മനസ്സിലാക്കുന്നതിൽ അദ്ദേഹത്തിന് തെറ്റ് പറ്റിയിട്ടുണ്ടെന്ന് ഞാൻ കരുതുന്നു. എങ്കിലും അദ്ദേഹം തീർച്ചയായും നല്ല മനുഷ്യനാണ്.'
ഇതേ കാര്യം തന്നെ ലാലാ ദീനനാഥ് എന്ന ഹിന്ദു പറഞ്ഞതായി ഹദ്റത്ത് ശൈഖ് യഅ്ഖൂബ അലി സാഹിബ് ഇർഫാനി വിവരിക്കുന്നുണ്ട്. മൗലവി ഫസൽ ദീൻ സാഹിബ് സന്നിഹിതനായിരുന്ന ഒരു സദസ്സിൽ വാഗ്ദത്ത മസീഹിനെ എതിർത്തുകൊണ്ട് ഒരാൾ അപമര്യാദയായി പെരുമാറി.അതുകേട്ട് മൗലവി ഫസൽ ദീൻ സാഹിബ് രോഷാകുലനായി. അദ്ദേഹം പറഞ്ഞു: ഞാൻ മിർസാ സാഹിബിന്റെ ശിഷ്യനല്ല, അദ്ദേഹത്തിന്റെ വാദങ്ങളിൽ എനിക്ക് വിശ്വാസവുമില്ല,അതിന്റെ കാരണം എന്തുതന്നെയായാലും. എന്നാൽ മിർസാ സാഹിബിന്റെ മഹത്തായ വ്യക്തിത്വത്തിലും സ്വഭാവമഹിമയിലും ഞാൻ വിശ്വസിക്കുന്നു. ഞാൻ ഒരു വക്കീലാണ്, എല്ലാവിഭാഗം ആളുകളും കേസുമായി ബന്ധപ്പെട്ട് എന്റെ അടുത്ത് വരാറുണ്ട്. ആയിരക്കണക്കിന് ആളുകളെ ഞാൻ ഈ രംഗത്ത് മറ്റ് വക്കീലന്മാർ മുഖേനയും കണ്ടിട്ടുണ്ട്. പ്രകടനപരതയോ കാപട്യമോ കാണിക്കുമെന്ന് ഒരിക്കലും സംശയിക്കാൻ പോലും കഴിയാത്ത വലിയ സദ്സ്വഭാവികൾ പോലും കേസുമായി ബന്ധപ്പെട്ട് നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ മൊഴി മാറ്റേണ്ടി വരുമ്പോൾ യാതൊരു മടിയും കൂടാതെ മാറ്റുന്നത് ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ എന്റെ ജീവിതത്തിൽ സത്യത്തിന്റെ പദവിയിൽ നിന്ന് ഒരടി പോലും പിന്നോട്ട് മാറാത്ത ഒരാളായി മിർസാ സാഹിബിനെ മാത്രമേ ഞാൻ കണ്ടിട്ടുള്ളൂ.ഹെൻറി മാർട്ടിൻ ക്ലാർക്കിന്റെ കേസിൽ ഞാൻ അദ്ദേഹത്തിനായി ഒരു നിയമപരമായ മൊഴി തയ്യാറാക്കുകയും അത് അദ്ദേഹത്തിനു മുമ്പാകെ സമർപ്പിക്കുകയും ചെയ്തു. അദ്ദേഹം അത് വായിച്ചുനോക്കിയിട്ട് പറഞ്ഞു: ***'ഇതിൽ കള്ളമുണ്ടല്ലോ.'*** കുറ്റാരോപിതന്റെ മൊഴി സത്യം ചെയ്തു പറയുന്നതല്ലെന്നും നിയമപരമായി അയാൾക്ക് ഇഷ്ടമുള്ളത് മൊഴി നൽകാൻ അനുവാദമുണ്ടെന്നും ഞാൻ പറഞ്ഞു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) പ്രസ്താവിച്ചു: ***'നിയമം അതിന് അനുവാദം നൽകിയിട്ടുണ്ടാകാം, എന്നാൽ അല്ലാഹു അതിന് അനുവാദം നൽകുന്നില്ല. അതുകൊണ്ട് ഞാൻ സത്യം മാത്രമേ സമർപ്പിക്കുകയുള്ളൂ.'*** ഞാൻ വാഗ്ദത്ത മസീഹിനോട് പറഞ്ഞു: താങ്കൾക്ക് അബ്ദുൽ ഹമീദിനെ അറിയില്ലെന്നെങ്കിലും പറയൂ. ബാക്കി ഞാൻ നോക്കിക്കൊള്ളാം. ഞങ്ങളുടെ നിർദേശങ്ങളെല്ലാം കേട്ടു കഴിഞ്ഞ ശേഷം അവിടുന്ന് പറഞ്ഞു: ***'ഞാൻ ലോകത്ത് സത്യം സ്ഥാപിക്കാനാണ് വന്നത്. എന്നെ തൂക്കിലേറ്റിയാൽ പോലും ഞാൻ ഒരിക്കലും കള്ളം പറയുകയില്ല. എനിക്ക് അബ്ദുൽ ഹമീദിനെ അറിയാം, അദ്ദേഹം ഖാദിയാനിൽ വരാറുണ്ടായിരുന്നു, എന്ത് വന്നാലും എനിക്ക് അത് നിഷേധിക്കാൻ കഴിയില്ല.*** ഇനി കള്ളം പറയാതിരിക്കണമെന്നുണ്ടെങ്കിൽ കുറഞ്ഞപക്ഷം അവനെ അറിയുമെന്ന് വ്യക്തമാകാത്ത രീതിയിൽ ഒഴുക്കൻ മട്ടിലുള്ള മറുപടി നൽകിയാൽ മതി എന്ന് ഞാൻ ഹദ്റത്ത് അദ്ദേഹത്തോട് പറഞ്ഞു: അദ്ദേഹം പറഞ്ഞു: ***'എനിക്ക് അങ്ങനെയും ചെയ്യാൻ കഴിയില്ല. അല്ലാഹു എന്നെ ലോകത്ത് തന്റെ മാതൃക സമർപ്പിക്കാനാണ് നിയോഗിച്ചത്. ജീവൻ രക്ഷിക്കാനായി അത്തരമൊരു മാതൃക കാണിക്കാൻ ഞാൻ തയ്യാറല്ല. സത്യം പ***

*റഞ്ഞുകൊണ്ട് നമ്മുടെ ജീവൻ പോയാലും അപ്പോഴും നമ്മൾ വിജയിച്ചു.'* തനിക്ക് അബ്ദുൽ ഹമീദിനെ അറിയാമെന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) കോടതിയിൽ മൊഴി നൽകിയതോടെ കേസിൽനിന്ന് രക്ഷപ്പെടാനാവില്ലെന്ന് ഞങ്ങൾ ഉറപ്പിച്ചു. എന്നാൽ ആ കേസിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് ലഭിച്ച അല്ലാഹുവിന്റെ സഹായം കണ്ട് ഞങ്ങൾ അത്ഭുതപ്പെട്ടുപോയി. അല്ലാഹു താൻ നിയോഗിച്ച വ്യക്തിയെ എങ്ങനെയാണ് സഹായിച്ചതെന്നും ആ ഗുരുതരമായ കേസിൽ അദ്ദേഹം എങ്ങനെയാണ് അന്തസ്സോടെ കുറ്റവിമുക്തനായി വിജയിച്ചതെന്നും കണ്ട് ഞങ്ങൾ വിസ്മയിച്ചു.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് വിവരിക്കുന്നു: 1916-ൽ മിസ്റ്റർ വാൾട്ടർ എന്നയാൾ അഹ്മദിയ്യാ ജമാഅത്തിനെകുറിച്ച് ഗവേഷണം നടത്താനായി ഖാദിയാനിൽ വന്നു. അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകന്റെ ഏതെങ്കിലും ഒരു ആദ്യകാല സ്വഹാബിയെ കാണണമെന്ന് അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചു. ആ സമയത്ത് മർഹൂം മുൻഷി അറോറ സാഹിബ് ഖാദിയാനിൽ ഉണ്ടായിരുന്നു. മിസ്റ്റർ വാൾട്ടറെ മുൻഷി സാഹിബിന് പരിചയപ്പെടുത്തി. ഔപചാരിക സംഭാഷണങ്ങൾക്ക് ശേഷം മിസ്റ്റർ വാൾട്ടർ മുൻഷി സാഹിബിനോട് ചോദിച്ചു: മിർസാ സാഹിബിന്റെ സത്യതയിൽ താങ്കളെ ഏറ്റവും കൂടുതൽ സ്വാധീനിച്ച തെളിവ് ഏതാണ്? മുൻഷി സാഹിബ് മറുപടി നൽകി: ഞാൻ വലിയ വിദ്യാഭ്യാസമൊന്നുമുള്ള ആളല്ല, വലിയ ശാസ്ത്രീയ തെളിവുകളൊന്നും എനിക്കറിയില്ല. എന്നാൽ എന്നെ ഏറ്റവും കൂടുതൽ സ്വാധീനിച്ച കാര്യം ഹദ്റത്ത് സാഹിബിന്റെ വ്യക്തിത്വമായിരുന്നു. അദ്ദേഹത്തേക്കാൾ വലിയ സത്യസന്ധനെയോ വിശ്വസ്തനെയോ ദൈവത്തിൽ ഇത്രയധികം വിശ്വാസമുള്ള വ്യക്തിയെയോ ഞാൻ ഒരിക്കലും കണ്ടിട്ടില്ല. അദ്ദേഹത്തെ കണ്ടാൽ ഈ മനുഷ്യൻ കള്ളം പറയുന്നവനാണെന്ന് ഒരാൾക്കും പറയാൻ കഴിയില്ല. ഞാനാകട്ടെ, അദ്ദേഹത്തിന്റെ സംസാരം കേൾക്കാൻ കൊതിച്ചിരുന്നവനാണ്. എനിക്ക് കൂടുതൽ തെളിവുകളെക്കുറിച്ച് അറിവില്ല. ഇത് പറഞ്ഞുകൊണ്ട് മുൻഷി സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ് (അ)നെക്കുറിച്ചുള്ള ഓർമ്മയിൽ അങ്ങേയറ്റം അസ്വസ്ഥനാകുകയും പൊട്ടിക്കരയുകയും ചെയ്തു. കരഞ്ഞു കരഞ്ഞ് അദ്ദേഹം നെടുവീർപ്പിടാൻ തുടങ്ങി. ആ സമയത്ത് മിസ്റ്റർ വാൾട്ടറുടെ മുഖം വിളറി വെളുത്തുപോയി. പിന്നീട് അദ്ദേഹം തന്റെ അഹ്മദിയ മൂവ്മെന്റ് എന്ന പുസ്തകത്തിൽ ഈ സംഭവത്തെക്കുറിച്ച് പ്രത്യേകം പരാമർശിക്കുകയും ഇപ്രകാരം എഴുതുകയും ചെയ്തു: തന്റെ സഹവാസം കൊണ്ട് ഇത്തരത്തിലുള്ള മനുഷ്യരെ സൃഷ്ടിച്ച ഒരാളെ ചുരുങ്ങിയപക്ഷം വഞ്ചകൻ എന്ന് വിളിക്കാൻ നമുക്ക് കഴിയില്ല.

ഹദ്റത്ത് മിയാൻ റഹീം ബക്ഷ് സാഹിബ് വിവരിക്കുന്നു: ഞാൻ ഇബ്രാഹിം എന്ന അഹ്മദിയെ പരിചയപ്പെട്ടു അദ്ദേഹവുമായി ചില കാര്യങ്ങൾ സംസാരിച്ചപ്പോൾ ജമാഅത്തിന്റെ സത്യത എനിക്ക് ബോധ്യമായി. അന്ന് രാത്രി ഞാൻ ഒരു സ്വപ്നം കണ്ടു. ഞങ്ങൾ നാല് സഹോദരന്മാരും ഒരു മലയിടുക്കിൽ വഴിതെറ്റി നിൽക്കുകയാണ്, വഴി കാണുന്നില്ല. ഞാൻ ഒരു വശത്തുകൂടി മുകളിൽ കയറി വന്നപ്പോൾ ഒരു ട്രെയിൻ പോകുന്നത് കണ്ടു. പക്ഷേ അത് ഭൂമിയിൽ നിന്ന് വളരെ ഉയരത്തിലാണ്. അതിൽ എങ്ങനെ കയറുമെന്ന് ഞാൻ അത്ഭുതപ്പെട്ടു. അപ്പോൾ മുകളിൽ ഒരാൾ നിൽക്കുന്നുണ്ടായിരുന്നു, അദ്ദേഹം പറഞ്ഞു: ആകാശത്തുനിന്ന് താഴേക്ക് തൂങ്ങിക്കിടക്കുന്ന ആ കയറിൽ പിടിക്കുക, എങ്കിൽ മാത്രമേ മുകളിൽ കയറാൻ കഴിയൂ. സ്വപ്നത്തിൽ ഈ കാഴ്ചകളെല്ലാം കണ്ടുകൊണ്ടിരിക്കെ പ്രഭാതത്തിൽ ഇബ്രാഹിം സാഹിബ് എന്റെ അടുത്ത് വന്നു. ഞാൻ എന്റെ സ്വപ്നം അദ്ദേഹത്തോട് പറഞ്ഞു. അദ്ദേഹം വിശുദ്ധ ഖുർആൻ എടുത്ത് **വഅ്തസ്വിമൂ ബിഹബ്ലില്ലാഹി** എന്നതിന്റെ അർത്ഥം എനിക്ക് വിശദീകരിച്ചുതന്നു. ഞാൻ ബൈഅത്തിന്റെ കത്തെഴുതി. ബൈഅത്ത് സ്വീകരിച്ചുവെന്നും എന്നാൽ ഖാദിയാനിൽ വരണമെന്നും എനിക്ക് മറുപടി വന്നു. അമൃതസർ സ്റ്റേഷനിൽ നിന്ന് ബട്ടാലയിലേക്കുള്ള വണ്ടിയിൽ കയറിയപ്പോൾ എന്റെ കമ്പാർട്ട്മെന്റിൽ പ്രായം ചെന്ന രണ്ടുമൂന്ന് സിഖുകാരുണ്ടായിരുന്നു. എങ്ങോട്ടാണ് പോകുന്നതെന്ന് അവർ എന്നോട് ചോദിച്ചു. ഖാദിയാനിലേക്കാണെന്ന് ഞാൻ പറഞ്ഞു. മിർസയുടെ ഖാദിയാനിലേക്കാണോ? എന്ന് അവർ ചോദിച്ചു. അതെ എന്ന് ഞാൻ മറുപടി നൽകി. ഹദ്റത്ത്

മസീഹ് മൗഊദ് (അ)നെക്കുറിച്ച് അവരോട് അദ്ദേഹം എങ്ങനെയുള്ള ആളാണെന്ന് ഞാൻ അന്വേഷിച്ചു. അദ്ദേഹം വളരെ പ്രശസ്തനാണെന്നും താൻ ദൈവമാണെന്ന് അവകാശപ്പെടുന്നുണ്ടെന്നുമാണ് ആ സിഖുകാർ സ്വന്തം ഗ്രാഹ്യമനുസരിച്ച് പറഞ്ഞത്. ഏതായാലും ഞാൻ അവരോട് കുസൃതിതോന്നി ഒരു കാര്യം പറഞ്ഞു: മിർസാ സാഹിബിനെ എനിക്ക് അറിയാം, സിയാൽക്കോട്ടിൽ അദ്ദേഹം എന്റെ പിതാവിനോടൊപ്പം ജോലി ചെയ്തിരുന്നു. അവർ ഒരുമിച്ചിരുന്ന് കഞ്ചാവ് ഉപയോഗിക്കാറുണ്ടായിരുന്നു. വെറുതെ ഒരു തമാശയ്ക്ക് ഞാൻ അവരോട് അങ്ങനെ പറഞ്ഞതാണ്. ഇത് കേട്ട സിഖുകാർ പറഞ്ഞു: മിയാൻ,അരുത്, ഒരിക്കലും അങ്ങനെ പറയരുത്. അദ്ദേഹം ഒരു അലൗകികനായ മനുഷ്യനാണ്, അങ്ങേയറ്റം സത്യസന്ധനും വിശ്വസ്തനുമാണ്. അദ്ദേഹം എത്രത്തോളം പ്രശസ്തനാണെന്നാൽ ജനങ്ങൾ അദ്ദേഹത്തെ മാതൃകയായി എടുത്ത് കാണിക്കുന്നു. ആരെങ്കിലും സത്യം പറഞ്ഞാൽ നീ എന്താ മിർസാ ഗുലാം മുർതസയുടെ മകനാണോ? എന്ന് ഞങ്ങളുടെ നാട്ടുകാർ ചോദിക്കാറുണ്ട്. അദ്ദേഹത്തിന്റെ സത്യസന്ധത ഞങ്ങൾക്ക് ഒരു ഉദാഹരണമായി മാറിയിരിക്കുന്നു. അദ്ദേഹം കുട്ടിക്കാലത്ത് ഞങ്ങളോടൊപ്പം കളിച്ചിരുന്നു, ഖാദിയാനിലെ പ്രമാണിയുടെ മകനായതിനാൽ ഞങ്ങൾ ആദരിച്ചിരുന്നു. എന്നാൽനാൾക്കുനാൾ അദ്ദേഹത്തിൽ പരിവർത്തനം സംഭവിച്ചുകൊണ്ടിരുന്നു. പിന്നീട് അദ്ദേഹം പുറത്തിറങ്ങാതെ വീട്ടിനുള്ളിൽ തന്നെ കഴിയാൻ തുടങ്ങി. അതായത്ഹദ്റത്ത്മസീഹ്മൗഊദ്(അ)ഏകാന്തവാസം സ്വീകരിച്ചു. അദ്ദേഹം ഉള്ളിലിരുന്ന് മന്ത്രവാദം ചെയ്തുകൊണ്ടിരുന്നു.(അവർ അങ്ങനെയാണ് മനസ്സിലാക്കിയിരുന്നത്) ഖാദിയാന് ചുറ്റുമുള്ള നാല് മൈൽ പരിധിയിൽ അദ്ദേഹം മന്ത്രവാദം നടത്തി. ഏത് മതക്കാരൻ അദ്ദേഹത്തിന്റെ അടുത്ത് ചെന്നാലും അവരുടെ മതം തെറ്റാണെന്നും തന്റെ മതം ശരിയാണെന്നും അദ്ദേഹം തെളിയിച്ചു കൊടുക്കും. താൻ വാനലോകത്തുനിന്ന് വന്നവനാണെന്ന് അദ്ദേഹം പറയുന്നു എന്നാണ് ആ സിഖുകാരൻ എന്നോട് പറഞ്ഞത്. ഇക്കാര്യങ്ങളെല്ലാം കേട്ട ശേഷം ഞാൻ ഖാദിയാനിലെ അതിഥി മന്ദിരത്തിൽ എത്തിയപ്പോൾ അവിടെ മൂന്നാല് ആൺ കുട്ടികളെ കണ്ടു. ഞാൻ സത്യമാണോ സ്വീകരിച്ചതെന്ന് പരീക്ഷിക്കാനായി ഞാൻ അവരോട് വളരെ ദേഷ്യപ്പെട്ട് സംസാരിച്ചു. എന്നാൽ എന്റെ മോശം പെരുമാറ്റത്തിനിടയിലും അവർ വളരെ സൗമ്യതയോടും മര്യാദയോടും കൂടിയാണ് എന്നോട് പെരുമാറിയത്. ഖാദിയാനിൽ കഠിനമായ ചൂട് കാരണം തിരിച്ചുപോകാമെന്ന് ഞാൻ കരുതി. വഴിയിൽ വെച്ച് ഒരു അറബിയെ കണ്ടു. അദ്ദേഹം പറഞ്ഞു: സഹോദരാ, താങ്കൾ ഖാദിയാനിൽ വന്ന സ്ഥിതിക്ക് ഹദ്റത്ത് സാഹിബിനെ കണ്ടിട്ട് മാത്രമേ പോകാവൂ. മസീഹ് മൗഊദ് (അ)നെ കാണാതെ പോകരുത്. ഈ കാലം ഇനി തിരിച്ചു കിട്ടില്ല. അപ്പോഴേക്കും ബാങ്ക് വിളിച്ചു. ഞാൻ നമസ്കാരം കഴിഞ്ഞിട്ട് പോകാമെന്ന് കരുതി പള്ളിയിലേക്ക് വന്നു. നമസ്കാരശേഷം ഹദ്റത്ത് സാഹിബ് സദസ്സിൽ വന്നിരുന്നു. ഹദ്റത്ത് സാഹിബ് തല താഴ്ത്തിയാണ് ഇരുന്നിരുന്നത്. ഈ വ്യക്തിയുടെ മുഖം കാണാതെ എനിക്ക് പൂർണ്ണ വിശ്വാസം വരില്ലെന്ന് ഞാൻ മനസ്സിൽ കരുതി. അല്പസമയത്തിന് ശേഷം ഹദ്റത്ത് സാഹിബ് തലയുയർത്തി നോക്കി. അപ്പോൾ 'അദ്ദേഹം സത്യവാനാണ്' എന്ന് എന്റെ മനസ്സ് മന്ത്രിച്ചു. അല്പം കഴിഞ്ഞ് വീണ്ടും അദ്ദേഹം തലയുയർത്തി നോക്കിയപ്പോൾ ഞാൻ ആമന്നാ, വസദ്ദഖ്നാ, അദ്ദേഹം സത്യവാനാണ് എന്ന് ആത്മഗതം ചെയ്തു. മൂന്നാം തവണ കൂടി നോക്കിയപ്പോൾ ഞാൻ അദ്ദേഹത്തിൽ തെണ്ടമായിപോയി.

ഹദ്റത്ത് ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബ് വിവരിക്കുന്നു:ലാഹോറിൽ വെച്ച് ആദ്യമായി ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ കണ്ട സമയത്ത് എന്റെ ഹൃദയത്തിൽ ഉണ്ടായ സ്വാധീനം ഇതാണ്: ഈ മനുഷ്യൻ സത്യവാനാണ്, ഇദ്ദേഹം പറയുന്നത് സത്യമാണ്. അല്ലാഹുവിന്റെ ഭാഗത്തുനിന്ന് അവിടുത്തോടുള്ള ഒരു സ്നേഹം എന്റെ ഹൃദയത്തിൽ പ്രതിഷ്ഠിക്കപ്പെട്ടു. അത് തന്നെയാണ് എനിക്ക് അദ്ദേഹത്തിന്റെ സത്യസന്ധതയ്ക്കുള്ള യഥാർത്ഥ തെളിവ്. ഞാൻ അന്ന് ഒരു കുട്ടി മാത്രമായിരുന്നുവെങ്കിലും അന്നുമുതൽ ഇതുവരെ എനിക്ക് മറ്റൊരു തെളിവിന്റെയും ആവശ്യം വന്നിട്ടില്ല. പിന്നീട് എന്റെ വിശ്വാസത്തെ ഊട്ടിയുറപ്പിക്കുന്ന പല

സംഭവങ്ങളും തുടർച്ചയായി ഉണ്ടായെങ്കിലും ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ തിരുമുഖം ദർശിച്ചിട്ടാണ് ഞാൻ അദ്ദേഹത്തെ വിശ്വസിച്ചത്. ആ സ്വാധീനം തന്നെയാണ് ഇന്നും എനിക്ക് അദ്ദേഹത്തിന്റെ വാദങ്ങളുടെ സത്യതയ്ക്കുള്ള ഏറ്റവും വലിയ തെളിവ്.

ഈ യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് സത്യത്തിൽ ഉറച്ചുനിൽക്കുന്നവരാകാനും എപ്പോഴും ഉന്നതമായ സത്യത്തിന്റെ മാനദണ്ഡങ്ങൾ പ്രാവർത്തികമാക്കുന്നവരാകാനും അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ
بِہٖ وَ نَتَوَکَّلُ عَلَیْہِ وَ نَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ
یُّضْلِلْہُ فَلَا ھَادِیَ لَہٗ۔ وَنَشْھَدُ اَنْ لَّآ اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ
مُحَمَّدًا عَبْدُہٗ وَ رَسُوْلُہٗ۔ عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَآءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَآءِ
وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ
یَذْکُرْکُمْ وَادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**
ISLAMABAD UK ON 08.05.2026
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY HARIF MOHAMMED BM& AMNAS PK
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516